"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആസ്ഥാന കാര്യാലയം ക്ളാർക്ക് കുമാരി.ശാലിനി ജോഷി ക്ക് വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.95/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/01/2021

---

പരാമർശം:- 1 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.

2 കുമാരി.ശാലിനി ജോഷി യുടെ 23.04.2020 ലെ അപേക്ഷ.

3 ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.07.2019 ലെ ബി 1/3815/2017/സി ഇ നമ്പർ നടപടി ക്രമം.

4 പഞ്ചായത്ത് ഡയറക്ടറുടെ 28.05.2020, 17.10.2020 എന്നീ തീയതികളിലെ ഇ6-6227/20 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 30.04.2019 മുതൽ ജോലി നോക്കി വരുന്ന കുമാരി.ശാലിനി ജോഷി ക്ക് വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 3(viii) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥയുടെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. കുമാരി.ശാലിനി ജോഷി യുടെ ക്ലാർക്ക് തസ്തികയിലെ സേവനം പരാമർശം(3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഒഴിവുകൾ നിലവിലില്ല എന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന

ഒഴിവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 30.04.2019 മുതൽ ജോലി നോക്കി വരുന്ന കുമാരി.ശാലിനി ജോഷി ക്ക് വയനാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കുമാരി.ശാലിനി ജോഷി പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തിരുവനന്തപുരം.

കുമാരി.ശാലിനി ജോഷി, ക്ലാർക്ക്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തിരുവനന്തപുരം.(ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (99/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ